പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1103 30.11.2018 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് ആഫീസുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് ആഫീസുകളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**(1) എംപ്ലോയ് മെന്റ് എക്സ് ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം**<br>എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗദായകർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നൽകുന്ന സേവനങ്ങൾ സുതാര്യമായും കൂടുതൽ വേഗത്തിലും മെച്ചപ്പെട്ട രീതിയിലും ഓൺലൈൻ ആയി നൽകുന്നതിന് എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 03/05/2017 ന് നിർവ്വഹിക്കുകയും ചെയ്തു. www.employment.kerala.gov.in എന്ന പ്രസ്തുത പോർട്ടൽ മുഖാന്തിരം രജിസ് ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ് ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ് ഡേഷൻ തുടങ്ങി എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിലന്വേഷകർക്ക് ലഭ്യമാകുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br>കേരളത്തിലെ എല്ലാ എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളും പേപ്പർ രഹിത |

ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിലെ എല്ലാ എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ജില്ലാ തലം വരെയുള്ള 29 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

**എംപ്ലോയബിലിറ്റി സെന്റർ**

കേരളത്തിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

**കരിയർ ഡെവലപ്മെന്റ് സെന്റർ**

സംസ്ഥാന സർക്കാർ തൊഴിൽ നയത്തിന്റെ ഭാഗമായി ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം കാണുന്നതിനായി നാഷണൽ എംപ്ലോയ് മെന്റ് സർവീസ് വകുപ്പിലെ ടൗൺ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം 2016-17 സാമ്പത്തിക വർഷം മുതൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആവിഷ് ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം കായംകുളം, തൃപ്പൂണിത്തുറ എന്നീ ടൗൺ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പാലോട് ട്രൈബൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിനോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**മോഡൽ കരിയർ സെന്റർ**

കേന്ദ്രസർക്കാരിന്റെ തൊഴിൽനയ പ്രകാരം എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ കരിയർ

| | | | |
|---|---|---|---|
| | | | സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന് കീഴിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്റർ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ പേരു രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽ രഹിതർ എത്രയാണ്; | (ബി) | നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ 35,95,812 (മുപ്പത്തി അഞ്ചുലക്ഷത്തി തൊണ്ണൂറ്റി അഞ്ചായിരത്തി എണ്ണൂറ്റി പന്ത്രണ്ട്) തൊഴിൽ രഹിതർ രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (സി) | പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പ്രത്യേകം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക് സ് ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിയമനത്തിനായി നാമനിർദ്ദേശം ചെയ്യുന്നതിനോടൊപ്പം പ്രത്യേക പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

ആരംഭം

## (1) എംപ്ലോയബിലിറ്റി സെന്റർ

കേരളത്തിലെ എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ് മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാനസർക്കാർ ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്, എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം നൽകുന്നുണ്ട്.

നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

## (2) കരിയർ ഡെവലപ്മെന്റ് സെന്റർ

സംസ്ഥാന സർക്കാർ തൊഴിൽനയപ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ.വ്യക്തിഗത കൗൺസിലിങ്, ഗ്രൂപ്പ് കൗൺസിലിങ്, റെസ്യൂമെ പ്രിപ്പറേഷൻ, പ്രിഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, വിവിധ മത്സരപരീക്ഷ പരിശീലനങ്ങൾ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച വരുന്നു.

## (3) മോഡൽ കരിയർ സെന്റർ

കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി, രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ നിർദേശങ്ങളും നൽകി രാജ്യത്തെ വർധിച്ച വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹകരണത്തോടെയാണ് സെന്റർ പ്രവർത്തിക്കുന്നത്. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, വ്യക്തിഗത മാർഗ നിർദ്ദേശങ്ങൾ, ഗ്രൂപ്പ് കൗൺസിലിങ്, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. മോഡൽ കരിയർ സെന്ററിൽ ഉദ്യോഗാർത്ഥികൾക്ക് www.ncs.gov.in എന്ന ജോബ് പോർട്ടലിൽ ഒറ്റ തവണ രജിസ്ട്രേഷൻ നടത്തി, അവർക്കു നേരിട്ട് മോഡൽ കരിയർ സെന്ററിലെ സേവനങ്ങൾ സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതാണ്. സ്വകാര്യ മേഖലയിലെ ഒഴിവുകളിൽ

ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതിനായി സ്വകാര്യ ഉദ്യോഗദായകരുമായി ചേർന്ന് നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ / പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. നാഷണൽ എംപ്ലോയ് മെന്റ് സർവീസ് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ് മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്റർ പ്രവർത്തിച്ചു വരുന്നു.

## (4) നിയുക്തി മെഗാ ജോബ് ഫെയർ

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കു സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പാക്കി വരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി 2015 മുതൽ നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു വരുന്നുണ്ട്. തികച്ചും സൗജന്യമായ നിയുക്തി പോലുള്ള ജോബ് ഫെയറുകൾ വഴി ഉദ്യോഗദായകരെയും ഉദ്യോഗാർഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടു വന്ന് ഉദ്യോഗദായകർക്കു അവരുടെ ഒഴിവുകൾക്കു അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യുന്നതിനും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്തു അർഹമായ തൊഴിൽ നേടുന്നതിനും അവസരം ലഭിക്കുകയും ചെയ്യുന്നു.

## (5) കെസ് റു (കേരള സ് റ്റേറ്റ് സെൽഫ് എംപ്ലോയ് മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്)

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ള കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്ക് അപേക്ഷയിൻമേൽ പരമാവധി 1,00,000/- രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

## (6) മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ള (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും, പട്ടികജാതി/പട്ടികവർഗ്ഗ/ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതമുള്ള ഓരോ ജോബ് ക്ലബിനും പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

## (7) ശരണ്യ

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ

ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്.

## (8) <u>നവജീവൻ</u>

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ വകുപ്പ് നേരിട്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്വയം തൊഴിൽ പുനരധിവാസ പദ്ധതിയാണ് നവജീവൻ. ടി പദ്ധതിയിലൂടെ മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

## (9) <u>കൈവല്യ</u>

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരായ തൊഴിൽ രഹിതർക്ക് വേണ്ടി കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ടി പദ്ധതി 2016 ൽ ആരംഭിച്ചു. ടി പദ്ധതിക്ക് വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നീ നാല് ഘടകങ്ങൾ ഉണ്ട്.

സെക്ഷൻ ഓഫീസർ